കേരള സംസ്ഥാന

ചലച്ചിത്ര അക്കാദമി

# പൗരാവകാശ രേഖ

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## ആമുഖം

1998 ജൂൺ മാസത്തിലാണ് സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിച്ചത്. ഇന്ത്യയിൽ ആദ്യമായിട്ടാണ് സംസ്ഥാന സർക്കാരിന്റെ കീഴിൽ മലയാള ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും പരിപോഷണത്തിനുമായിട്ട് ഒരു അക്കാദമി സ്ഥാപിതമാകുന്നത്. ചലച്ചിത്രമേഖലയുടെ സമഗ്രവും, സാങ്കേതികബൗദ്ധിക മേഖലകളുടെ സമഗ്രവികസനവും ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിനു കീഴിൽ ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിക്കുന്നത്.

## ഉദ്ദേശങ്ങൾ

ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധമായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ട്രേറ്റ് രൂപീകരിക്കുക, സംസ്ഥാന സർക്കാരിനുവേണ്ടി ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയവും വിതരണവും എല്ലാ വർഷവും സംഘടിപ്പിക്കുക, ദേശീയ, അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, ദൃശ്യ ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഉന്നതനിലവാരമുള്ള ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, ഫിലിം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക, സിനിമ സംബന്ധിച്ച കോഴ്സുകളും ഗവേഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക, ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ നല്ല സിനിമകൾ പ്രചരിപ്പിക്കുക, ഫെലോഷിപ്പ്, സിനികലാകാരന്മാർക്ക് പെൻഷനും ക്ഷേമ പദ്ധതികളും നടപ്പാക്കുക എന്നിവയാണ് അക്കാദമിയുടെ പ്രധാന പ്രവർത്തന മേഖലകൾ.

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## അക്കാദമി ഒറ്റനോട്ടത്തിൽ

1. ചലച്ചിത്രടെലിവിഷൻ മാധ്യമ സംബന്ധിയായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുകയും കാലാകാലങ്ങളിൽ സർക്കാരിന്റെ സിനിമാ സംബന്ധിയായ നയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുകയും ചെയ്യുക.

2. ചലച്ചിത്ര വീഡിയോ ആർക്കൈവ്സ് രൂപീകരിക്കുകയും ദൃശ്യ ശ്രാവ്യ ഗ്രന്ഥാലയം സ്ഥാപിക്കുകയും ചെയ്യുക.

3. ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക. അന്തർദേശീയ ദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക.

4. സംസ്ഥാന ചലച്ചിത്രടെലിവിഷൻ അവാർഡുകളുടെ നിർണ്ണയം, വിതരണം എന്നിവ ഉറപ്പാക്കുക.

5. പൊതുജനങ്ങളുടെ ആവശ്യത്തിനായി സഞ്ചരിക്കുന്ന സിനിമാശാലകളുടെ പ്രവർത്തനം.

6. ചലച്ചിത്ര വ്യവസായത്തിനും സർക്കാരിനുമിടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുക.

7. നല്ല കലാമൂല്യമുള്ള സിനിമകളെ അന്തർദേശീയ തലത്തിൽ പ്രമോട്ട് ചെയ്യുക.

8. 1. സംസ്ഥാന ചലച്ചിത്രടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം

   2. സർക്കാരിന്റെ ടെലിവിഷൻ ചാനൽ സ്ഥാപനം സംബന്ധിച്ച് സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുകയും നടപ്പാക്കുകയും ചെയ്യുക.

9. കുട്ടികളുടെചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും സ്കൂളുകളിൽ ഫിലിം ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യുക.

10. മലയാള സിനിമാ ചരിത്ര സംബന്ധികളായ വിവരങ്ങൾ സംയോജിപ്പിക്കുകയും സിനിമാ സംബന്ധിയായ ഗവേഷണങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക.

11. ചലച്ചിത്രാസ്വാദന കോഴ്സുകൾ സംഘടിപ്പിക്കുക.

12. സിനിമ, ടെലിവിഷൻ സംബന്ധമായ പുസ്തകങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുക.

13. ധനസഹായം ഉൾപ്പെടെ നൽകി ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ ഉജ്ജീവിപ്പിക്കുക.

14. സിനിമ, ടെലിവിഷൻ, മറ്റു കലകൾ സംബന്ധമായ സെമിനാറുകളും, മീറ്റിംഗുകളും, പ്രഭാഷണങ്ങളും, സിംപോസിയങ്ങളും സംഘടിപ്പിക്കുക.

15. സംസ്ഥാനത്തും രാജ്യത്തുമുള്ള പ്രമുഖ ചലച്ചിത്ര പ്രതിഭകളെ ആദരിക്കുക.

16. മലയാള ചലച്ചിത്രങ്ങൾക്കുള്ള ധനസഹായ പദ്ധതി നടപ്പാക്കുക.

17. തിയേറ്ററുകളിൽ നിന്നും ശേഖരിക്കുന്ന സർവ്വീസ് ചാർജ്ജിൽ നിന്നും സിനിമാ കലാകരന്മാർക്ക് പെൻഷനും ചികിത്സാധന സഹായവും നൽകുക തുടങ്ങിയവ.

## ഭരണ നിർവ്വഹണം

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഓഫീസ് തിരുവനന്തപുരത്ത്, ശാസ്തമംഗലത്താണ് സ്ഥിതിചെയ്യുന്നത്. അക്കാദമിയുടെ ഭരണപരമായ നടത്തിപ്പിന്റെ ചുമതല ചെയർമാൻ അദ്ധ്യക്ഷനായുള്ള ജനറൽ കൗൺസിലിൽ നിക്ഷിപ്തമാണ്. അക്കാദമിയുടെ ദൈനംദിന ഭരണ കാര്യങ്ങളുടെ ചുമതല സെക്രട്ടറിയ്ക്കായിരിക്കും. സർക്കാർ നോമിനേറ്റ് ചെയ്യുന്ന ജനറൽ കൗൺസിലിനാണ് ഭരണകാര്യങ്ങളുടെ ചുമതല. ഇതുകൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണ നിർവ്വഹണത്തിന് സഹായിക്കുന്നു.

# ചലച്ചിത്ര അക്കാദമിയുടെ പ്രധാന സേവനങ്ങൾ

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

# അക്കാദമിയുടെ പ്രവർത്തനങ്ങൾ

## ചലച്ചിത്രോത്സവങ്ങൾ

### കേരള അന്തർദ്ദേശീയ ചലച്ചിത്രോത്സവം (ഐ.എഫ്.എഫ്.കെ)

എല്ലാ വർഷവും ഡിസംബർ മാസം രണ്ടാമത്തെ വെള്ളിയാഴ്ച തുടങ്ങി ഏഴുദിവസം നീണ്ടുനിൽക്കുന്നതാണ് ഈ ചലച്ചിത്രോത്സവം. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള കഥാചിത്രങ്ങളുടെ മത്സരവിഭാഗവും ഏർപ്പെടുത്തിയിട്ടുണ്ട്. ശില്പം, സർട്ടിഫിക്കറ്റ് എന്നിവയ്ക്കു പുറമെ ഏറ്റവും നല്ല ചിത്രത്തിന് പത്തുലക്ഷവും ഏറ്റവും നല്ല സംവിധായകന് മൂന്നുലക്ഷവും, സിനിമയിലെ ഏതെങ്കിലും ഘടകത്തിൽ മികവു പുലർത്തിയതിനുള്ള പ്രത്യേക അവാർഡായി ഒരുലക്ഷവും, പ്രേക്ഷകർ തെരഞ്ഞെടുക്കുന്ന മത്സരവിഭാഗത്തിലെ ഏറ്റവും നല്ല ചിത്രത്തിന് ഒരു ലക്ഷം രൂപയും ക്യാഷ് അവാർഡായി ഈ മേളയോടനുബന്ധിച്ച് വിതരണം ചെയ്യുന്നു. ഇതിനുപുറമേ ലോക സിനിമാ നിരൂപക സംഘടനയായ ഫ്രിപ്രസിയുടെ അവാർഡും, നെറ്റ്പാക്ക് അവാർഡും മേളയോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മികച്ച നവാഗത സംവിധായകനും 2003 മുതൽ അവാർഡ് ഏർപ്പെടുത്തി. ഇന്ത്യയിലെ നവാഗത സംവിധായകനുള്ള ഹസ്സൻ കുട്ടി പുരസ്കാരവും ഈ മേളയിൽ വിതരണം ചെയ്യും. ലോക സിനിമയെയും ഇന്ത്യയിലെ ഇതര ഭാഷാ ചിത്രങ്ങളെയും മലയാളിക്ക് അനുഭവവേദ്യമാക്കുകയാണ് ഈ മേളയിലൂടെ.

### അന്തർദ്ദേശീയ ഡോക്കുമെന്ററി ആന്റ് ഷോർട്ട്ഫിലിം ഫെസ്റ്റിവൽ (ഐ.ഡി.എസ്.എഫ്.എഫ്.കെ)

ഡിജിറ്റൽ വീഡിയോ ഫോർമാറ്റിൽ നിർമ്മിക്കുന്ന ദേശീയവും അന്തർദ്ദേശീയവുമായ വിവിധ സ്വഭാവത്തിലുള്ള ഒട്ടേറെ ഗൗരവപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഡോക്കുമെന്ററികളും ചെറു സിനി

മകളും ഉൾക്കൊള്ളുന്നതാണ് ഈ ചലച്ചിത്രോത്സവം. മത്സരവിഭാഗത്തിൽ ദേശീയ തലത്തിൽ നിർമ്മിക്കപ്പെട്ട ഡോക്കുമെന്ററികൾ, ഷോർട്ട് ഡോക്യുമെന്ററികൾ, ഷോർട്ട് ഫിക്ഷൻ, ആനിമേഷൻ, മ്യൂസിക്ക് വീഡിയോ എന്നീ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലോക സംഭവങ്ങൾ, കല, ചരിത്രം, സ്ക്രീനിലെ അനുദിനം മാറുന്ന സാങ്കേതികത്വം എന്നിവ പ്രേക്ഷകരിലെത്തിക്കുകയാണ് മേള ലക്ഷ്യമാക്കുന്നത്.

## ദേശീയ ചലച്ചിത്ര മേള

2003 മുതൽ ദേശീയ ചലച്ചിത്ര മേള സംഘടിപ്പിച്ചുവരുന്നു. ഓരോതവണയും ഓരോ ജില്ലയിലാണ് ഇത് സംഘടിപ്പിക്കുന്നത്. റിലീസ് ചെയ്യപ്പെടാത്തതുമൂലം കാണാൻ കഴിയാത്ത വിവിധ ഭാഷകളിലുള്ള ഇന്ത്യൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം.

## യൂറോപ്യൻ യൂണിയൻ ഫിലിം ഫെസ്റ്റിവൽ

അക്കാദമി നടപ്പാക്കുന്ന യൂറോപ്യൻ സിനിമകളുടെ 4 ദിവസം നീണ്ടുനിൽക്കുന്ന ഒരു ചലച്ചിത്രോത്സവമാണിത്. ഇതിന്റെ സ്ഥിരം വേദി കോഴിക്കോടാണ്. യൂറോപ്യൻ യൂണിയന്റെയും കേരളത്തിന്റെ സാംസ്കാരിക വകുപ്പുകളുടെ സാംസ്കാരിക വിനിമയ പരിപാടിയുടെയും ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

## സംസ്ഥാന ചലച്ചിത്ര-ടെലിവിഷൻ അവാർഡു നിർണ്ണയവും വിതരണവും

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിച്ചതോടെ സംസ്ഥാന ചലച്ചിത്ര-ടെലിവിഷൻ അവാർഡുകളുടെ വിതരണം അക്കാദമി ഏറ്റെടുത്തു. വർഷാവർഷം പ്രസ്തുത അവാർഡുകൾ നിർണ്ണയിക്കുകയും അവാർഡ് വിതരണച്ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്യുന്നു.

## ജെ.സി.ദാനിയേൽ അവാർഡ് നിർണ്ണയവും വിതരണവും

മലയാള ചലച്ചിത്രമേഖലയ്ക്ക് നൽകിയിട്ടുള്ള സമഗ്രസംഭാവനകളെ മാനിച്ച് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. ഒരു ലക്ഷം രൂപയും സർട്ടിഫിക്കേറ്റുമാണ് അവാർഡ്. സർക്കാർ തീരുമാനിക്കുന്ന ഒരു കമ്മിറ്റിയാണ് അവാർഡ് ജേതാക്കളെ നിർണ്ണയിക്കുന്നത്. 1998 മുതൽ അവാർഡ് വിതരണച്ചുമതല അക്കാദമി നിർവ്വഹിക്കുന്നു.

## ചലച്ചിത്രാസ്വാദന കോഴ്സ്

അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സിനിമയിൽ താല്പരരായ ഇതര വിഭാഗങ്ങൾക്കായി അക്കാദമി ശാസ്ത്രീയമായി ചിട്ടയോടെ സംഘടിപ്പിക്കുന്ന കോഴ്സാണിത്. സിനിമാ സംബന്ധിയായ എല്ലാ തരത്തിലുമുള്ള അവബോധം നൽകി സമൂഹത്തിനെ ഊർജ്ജസ്വലമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

## ആർക്കൈവ്സ്

അക്കാദമി ആർക്കൈവ്സിൽ പഴയ മലയാളം സിനിമകളുടെ നാല്പ്പത്തിയേഴ് 35 എം.എം പ്രിന്റുകൾ സൂക്ഷിച്ചിട്ടുണ്ട്. ലോക-ഇന്ത്യൻ ക്ലാസ്സിക് സിനിമകളുടെ ഒരു വലിയ ശേഖരംതന്നെ അക്കാദമിയുടെ വീഡിയോ ലൈബ്രറിയിലുണ്ട്. അത് കേരളത്തിലെ പ്രേക്ഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക, സിനിമാ-ദൃശ്യമാധ്യമരംഗത്തെ ഗവേഷണ പഠനങ്ങൾക്ക് പിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അക്കാദമി ആർക്കൈവ്സ് വിഭാവനം ചെയ്തിട്ടുള്ളത്.

## ഫിലിം ലൈബ്രറി

ആർക്കൈവ്സിന് അനുബന്ധമായി ചലച്ചിത്ര സംബന്ധിയായ മൂവായിരത്തിലധികം പുസ്തകങ്ങളുടെ ശേഖരമുള്ള ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. പുസ്തകങ്ങൾക്കു പുറമേ ആനുകാലികങ്ങളും ഈ ശേഖരത്തിലുണ്ട്. ലൈബ്രറിയിൽ വരുന്നവർക്ക് റഫറൻസിന് ഇത് ലഭ്യമാണ്. ചലച്ചിത്ര ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പി

ക്കുക, സിനിമാ ആസ്വാദകരുടെ അറിവും നിലവാരവും ഉയർത്തുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം.

## ഫെലോഷിപ്പ്

മലയാള സിനിമയുടെ വിവിധതലങ്ങളെ സ്പർശിക്കുന്ന പഠനങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള അക്കാദമിയുടെ ശ്രമമായാണ് ഇതിനെ കാണുന്നത്. ഈ ഫെലോഷിപ്പിനായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് അക്കാദമിയുടെ അക്കാദമിക് കൗൺസിൽ മാർഗ്ഗരേഖയും നൽകുന്നു. ഓരോ വർഷവും ഇതിനായി അഞ്ച് പേരെ വീതം തെരഞ്ഞെടുക്കുന്നു. 18,000/- രൂപ ഫെലോഷിപ്പ് തുകയായി നൽകിവരുന്നു.

## ടൂറിംഗ് ടാക്കീസ്

2003-ൽ അക്കാദമി ടൂറിംഗ് ടാക്കീസ് എന്ന പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന സഞ്ചരിക്കുന്ന ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ വിവിധ ഫിലിം സൊസൈറ്റികൾ, വിവിധ കലാ സാംസ്കാരിക സംഘടനകൾ സ്കൂൾ-കോളേജ് ഫിലിം ക്ലബ്ബുകൾ എന്നിവയുടെ ആവശ്യാനുസരണം അവരുടെ സഹകരണത്തോടെ സിനിമാ പ്രദർശനം നടത്തിവരുന്നു. ഒരു സിനിമാ പ്രദർശനത്തിന് 350/- രൂപയും, രണ്ട് പ്രദർശനത്തിന് 500/- രൂപയും മുഴുവൻ ദിവസത്തേയ്ക്ക് 700/- രൂപയും പുറമേ വാഹനത്തിന്റെ സർക്കാർ നിയമപ്രകാരമുള്ള കിലോമീറ്റർ നിരക്കും അക്കാദമിയിൽ അടച്ച് ഈ ടൂറിംഗ് ടാക്കീസ് സംവിധാനം ആർക്കും ഉപയോഗിക്കാവുന്നതാണ്.

## അക്കാദമി ഓഫീസിൽ സിനിമ കാണാനുള്ള സൗകര്യം

അക്കാദമി ആർക്കൈവിലുള്ള സിനിമകൾ ഒരാൾക്ക് 20/- രൂപ നിരക്കിൽ കാണുന്നതിനുള്ള ഹോംതിയേറ്റർ നിലവിലുണ്ട്. ഒന്നിൽ കൂടുതൽ ആളുകൾ ഉള്ളപക്ഷം കൂടുതലായി വരുന്ന ഓരോരുത്തർക്കും 5/- രൂപ വീതം നൽകേണ്ടതാണ്.

## അക്കാദമി പ്രസിദ്ധീകരണങ്ങൾ

ഓരോ വർഷവും അന്തർദേശീയ ചലച്ചിത്രമേളകൾ, ദേശീയ ചലച്ചിത്രമേളകൾ, മറ്റ് ചലച്ചിത്രോത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് പുറത്തിറക്കുന്ന ഫെസ്റ്റിവൽ ബുക്കുകൾ, ഇൻഫർമേഷൻ ബ്രോഷറുകൾ, ഡെയ്‌ലി ബുള്ളറ്റിനുകൾ ഓരോ വർഷത്തേയും സിനിമാ, ടെലിവിഷൻ അവാർഡുവിതരണത്തോടുമൊപ്പം അക്കാദമി പ്രസിദ്ധീകരിക്കുന്ന അവാർഡുപതിപ്പുകൾ, ജെ.സി.ഡാനിയേൽ പുരസ്കാര ജേതാക്കളെക്കുറിച്ചുള്ള പുസ്തകങ്ങൾ എന്നിവയാണ് അക്കാദമിയുടെ പ്രധാന പ്രസിദ്ധീകരണങ്ങൾ.

## സിനിമാ എക്സിബിഷൻ

മലയാള ചലച്ചിത്രത്തിന്റെ ഉത്ഭവവും വളർച്ചയും പ്രതിഫലിപ്പിക്കുന്ന വസ്തുക്കളും അവയുടെ ചരിത്ര പശ്ചാത്തലവും വെളിപ്പെടുത്തുന്ന രീതിയിലാണ് അക്കാദമി സിനിമാ എക്സിബിഷൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ ചിത്രങ്ങളുടെയും മറ്റും ശേഖരം അക്കാദമിയിൽ ലഭ്യമാണ്.

## സി.ഡി.റോം

മലയാള സിനിമയുടെ 75 വർഷത്തെ സി.ഡി.റോം അക്കാദമി 2003-ൽ പുറത്തിറക്കി. സിനിമാസ്വാദനവുമായി ബന്ധപ്പെട്ട മറ്റൊരു സി.ഡി.റോമിന്റെ നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

## സർവ്വീസ്ചാർജ്ജ്

ചലച്ചിത്ര അക്കാദമി സിനിമാ തിയേറ്ററുകളിൽ നിന്നും സർവ്വീസ്ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇത് അവശതയനുഭവിക്കുന്ന സിനിമാ കലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിനും സാമ്പത്തികസഹായം/ചികിത്സാധനസഹായം നൽകുന്നതിനുമായി ഉപയോഗിക്കുന്നു. തിയേറ്ററുകളെ അവയുടെ പ്രദർശന-ഭൗതിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ 7 ആയി തരംതിരിച്ച് പ്രതിവർഷം 2,000/- രൂപ മുതൽ 25,000/- രൂപ വരെ സർവ്വീസ്ചാർജ്ജായി ഈടാക്കിവരുന്നു.

## പെൻഷൻ വിതരണം

അവശതയനുഭവിക്കുന്ന ചലച്ചിത്രകാരന്മാർക്കും അവരുടെ ആശ്രിതർക്കുമുള്ള പെൻഷൻ സംസ്ഥാന ചലച്ചിത്ര അക്കാദമി വിതരണം ചെയ്യുന്നു. ഇതിനായി സിനിമാ കലാകാരന്മാർ സാങ്കേതികജ്ഞർ എന്നിവരെയാണ് പരിഗണിക്കുക. തീയേറ്ററുകളിൽ നിന്നും സർവ്വീസ് ചാർജ്ജിനത്തിൽ സമാഹരിക്കുന്ന തുകയാണ് ഇതിനായി ഉപയോഗിക്കുന്നത്. പ്രതിമാസ പെൻഷൻ തുക 1000/- രൂപയാണ്.

## അവശ ചലച്ചിത്ര കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം

അവശത അനുഭവിക്കുന്ന ചലച്ചിത്ര കലാകാരന്മാർക്ക് പരമാവധി 25,000/-രൂപ വരെ ചികിത്സാധനസഹായമായി/സാമ്പത്തിക ധനസഹായമായി അക്കാദമി നൽകുന്നു.

## അക്കാദമി വെബ്സൈറ്റ്

www.keralafilm.com എന്ന വെബ്സൈറ്റിൽ നിന്നും അക്കാദമിയുടെ വിവരങ്ങൾ ലഭ്യമാണ്.

## പരാതി പരിഹാരം

അക്കാദമിയുടെ സേവനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉത്ഭവിക്കുകയാണെങ്കിൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ശാസ്തമംഗലം, തിരുവനന്തപുരം-10 എന്ന വിലാസത്തിൽ പരാതി നൽകാവുന്നതും തക്കതായ മറുപടി ലഭിയ്ക്കാത്ത പക്ഷം വകുപ്പ് സെക്രട്ടറി, വകുപ്പ് മന്ത്രി എന്നിവർക്ക് പരാതി നൽകാവുന്നതാണ്.

## കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## വിവരാവകാശ നിയമം അനുസരിച്ചുള്ള പരാതി പരിഹാരം

ഇതുപ്രകാരം താഴെപ്പറയുന്ന തലങ്ങളിൽ
അപേക്ഷ നൽകാവുന്നതാണ്.

| | | |
|---|---|---|
| അസി.ഇൻഫർമേഷൻ ഓഫീസർ | പ്രോഗ്രാം മാനേജർ (പ്രോഗ്രാംസ്) | 0471- 2310323,<br>0471- 2312214<br>pmpkeralafilm.com |
| ഇൻഫർമേഷൻ ഓഫീസർ | ഡെപ്യൂട്ടി ഡയറക്ടർ (പ്രോഗ്രാംസ്) | 0471- 2310323<br>0471- 2312214<br>ddp@keralafilm.com |
| അപ്പലേറ്റ് ഓഫീസർ | സെക്രട്ടറി | 0471- 2310323, 2312214<br>ഫാക്സ്- 0471 2310322<br>secretary@keralafilm.com |

**പ്രധാന ഫോൺ നമ്പരുകൾ**

ചെയർമാൻ
0471- 2313920
E-mail - chairman@keralafilm.com

സെക്രട്ടറി
0471- 2310323, 2312214, 2310322
E-mail - secretary@keralafilm.com
Fax-914712310322

*(ഇതിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാണ്.)*